# പതിമൂന്നാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1526** — 11.02.2013 ൽ മറുപടിയ്ക്ക്

## സംസ്ഥാന ആസൂത്രണബോർഡിന്റെ കൃഷിവിഭാഗത്തിന്റെ പ്രധാനപ്രവർത്തനങ്ങൾ

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി). |
| (എ) സംസ്ഥാന ആസൂത്രണബോർഡിന്റെ കൃഷിവിഭാഗത്തിന്റെ 2011-12, 2012-13 എന്നീ വർഷങ്ങളിലെ പ്രധാനപ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; | (എ) കൃഷിയും അനുബന്ധമേഖലകളിലും ഉൾപ്പെടുന്ന വിളപരിപാലനം, മണ്ണു ജല സംരക്ഷണം, മൃഗസംരക്ഷണം, ക്ഷീരവികസനം, വനം, മത്സ്യബന്ധനം, സഹകരണം, പരിസ്ഥിതി, ജലസേചനം, പശ്ചിമഘട്ട വികസനം, പ്രത്യേക ഏരിയ വികസനം എന്നീ ഉപമേഖലകളുടെ വാർഷിക പദ്ധതി രൂപീകരണം, ബഡ്ജറ്റ് തയ്യാറാക്കൽ, സാമ്പത്തിക അവലോകനം, പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അവലോകനം എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.<br><br>പന്ത്രണ്ടാം പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനം ഏകോപിപ്പിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തു.<br><br>കൃഷിവിഭാഗം നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ വിവിധ ജൈവവ്യവസ്ഥകളിൽ മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ |

സസ്യപോഷക മൂലക പരിപാലന പദ്ധതി തയ്യാറാക്കുന്നതിനായി ഒരു ബൃഹത് പദ്ധതി കൃഷി വകുപ്പിന്റെ സഹായത്തോടെ ആവിഷ്ക്കരിക്കുകയുണ്ടായി. ഈ പദ്ധതിയുടെ ഏകോപനം കൃഷിവിഭാഗമാണ് നടത്തിയത്.

ഹൈടെക് അഗ്രികൾച്ചർ 12-ാം പഞ്ചവത്സര പദ്ധതിയിൽ സാദ്ധ്യതകളും തന്ത്രങ്ങളും എന്ന വിഷയത്തെ സംബന്ധിച്ച് ദേശീയ ശിൽപശാല 2012 ഫെബ്രുവരിയിൽ സംഘടിപ്പിച്ചു.

കാർഷിക യന്ത്രവൽക്കരണത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.

സംസ്ഥാനത്തിന്റെ കാർഷിക വികസനത്തിനായി അഗ്രോ ഇക്കോളജിക്കൽ പ്ലാനിംഗ് എന്ന വിഷയത്തെ ,സംബന്ധിച്ച് മാർച്ച് 2012 ന് ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി.

വിവിധ ജില്ലകളെ കാർഷിക കാലാവസ്ഥാ മേഖലകളാക്കി തിരിക്കുന്ന പഠനത്തിന്റെയും അതോടനുബന്ധിച്ച് തയ്യാറാക്കുന്ന റിപ്പോർട്ടുകളുടേയും ഏകോപനം കൃഷിവിഭാഗം നിർവഹിക്കുന്നു.

കൃഷിവിഭാഗത്തിന്റെ നേതൃത്വത്തിൽ കാർഷിക സർവ്വകലാശാലയുമായി സഹകരിച്ച് ജില്ല തിരിച്ച് അഗ്രോ ഇക്കോളജിയുടെ വിവിധ കാർഷിക വ്യവസ്ഥകൾ സംബന്ധിച്ച് പഠനം നടത്തുകയും വയനാട്, പാലക്കാട്, കണ്ണൂർ, ജില്ലകളിലെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തു.

കാർഷിക ജൈവ മേഖലാടിസ് ഥാനത്തിലുള്ള കൃഷിസമ്പ്രദായത്തെ പറ്റി വിവിധ മേഖലകളിൽ പഠനം പുരോഗമിച്ചുവരുന്നു.

| | |
|---|---|
| (ബി) പ്രസ്തുത വിഭാഗം സംസ്ഥാനത്തെ കാർഷിക മേഖലയിൽ ഉടലെടുക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ചു പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ : | (ബി) സംസ്ഥാന ആസൂത്രണബോർഡിലെ കൃഷിവിഭാഗം സംസ്ഥാനത്തെ കാർഷിക മേഖലയിൽ ഉടലെടുക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. എന്നാൽ കാർഷികമേഖലുമായി ബന്ധപ്പെട്ട മറ്റ് പഠനങ്ങൾ നടത്തുകയും ശില്പശാലകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) എങ്കിൽ പഠനം സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (സി) ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**